# Mathrubhumi

# 23 August 2018

# Kochi, Flood, Medical Helpline



## മെഡിക്കൽ ഹെൽപ്പ്ലൈൻ ഒരുക്കുന്നത് വലിയ സഹായം

**കൊച്ചി ▸** 99469 92995 എന്ന നമ്പർ ദുരിതാശ്വാസ ക്യാമ്പുകളിലെ ആരോഗ്യപ്രവർത്തകർക്കും സന്നദ്ധ പ്രവർത്തകർക്കും സുപരിചിതമാണിപ്പോൾ. മൂന്നു ദിവസം മുൻപ് ആരോഗ്യവകുപ്പ്, ഐ.എം.എ, ഐ.എ.പി, കെ.ജി.എം.ഒ.എ, വിവിധ സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സംഘടനകൾ എന്നിവ ചേർന്നാണ് തുടക്കമിട്ടത്. ഇതുവരെ 245 കോളുകളെത്തി. ഭൂരിഭാഗവും അവശ്യമരുന്നുകൾ തേടിയുള്ളതും അടിയന്തര വൈദ്യ സഹായത്തിനുള്ളതുമായിരുന്നു.

സമീപജില്ലകളിലും മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്താനും സംവിധാനത്തിന് കഴിഞ്ഞു. പുത്തൻവേലിക്കരയിൽ സൈന്യത്തിന്റെ സഹായത്തോടെ ബോട്ടിൽ മെഡിക്കൽ ടീമിനെ എത്തിച്ച് വൈദ്യസഹായം നൽകിയത് നാഴികക്കല്ലാണ്.

70 ഡോക്ടർമാർ ക്യാമ്പുകളിൽ പ്രവർത്തിച്ചു. ഇതിൽ 26 പേർ മഹാരാഷ്ട്രക്കാരാണ്. 40 പാരാമെഡിക്കൽ ജീവനക്കാരും 10 നോൺ മെഡിക്കൽ ജീവനക്കാരും മെഡിക്കൽ സംഘത്തോടൊപ്പം ക്യാമ്പുകളിൽ സേവനമനുഷ്ഠിച്ചു. മരുന്നുകൾ തരംതിരിക്കാൻ 20 ഫാർമസിസ്റ്റുകളും 25 ട്രെയ്നികളുമെത്തി. കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, കാരുണ്യ, എന്നിവ ഉൾപ്പെടെ 35 സ്ഥലങ്ങളിൽ നിന്ന് മരുന്നുകളെത്തി. എലിപ്പനിക്കെതിരേയുള്ള 'ഡോക്സിസൈക്ലിൻ' ആണ് ഏറ്റവും കൂടുതൽ വിതരണം നടത്തിയത് –66,000 എണ്ണം.